പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1478 07.06.2018 ൽ മറുപടിയ്ക്ക്

**ചോദ്യം**
ശ്രീ. പി.ടി. തോമസ്
ശ്രീ.അടൂർ പ്രകാശ്
ശ്രീ.അനൂപ് ജേക്കബ്
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പുമന്ത്രി)

## മൂന്നാറിലെ വ്യാജ പട്ടയങ്ങളും അനധികൃത കൈയേറ്റങ്ങളും

| | | |
|---|---|---|
| (എ) | മൂന്നാറിലെ വ്യാജ പട്ടയങ്ങൾ കണ്ടെത്തുന്നതിനും അനധികൃത കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും ഈ സർക്കാരിന് താല്പര്യമില്ലായെന്ന് ആക്ഷേപമുണ്ടായിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വ്യാജപട്ടയങ്ങൾ റദ്ദ് ചെയ്തുവെന്നും എത്ര അനധികൃത കൈയേറ്റക്കാരെ മൂന്നാറിൽ നിന്നും ഒഴിപ്പിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ജില്ലയിൽ വ്യാജപട്ടയങ്ങൾ റദ്ദ് ചെയ്തിട്ടില്ലാത്തതാണ്. മൂന്നാർ മേഖലയിൽ നിന്നും 27 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. |
| (സി) | കെ.ഡി.എച്ച്, പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിൽ സർക്കാർ ഭൂമി വ്യാപകമായി കൈയേറിയതായി കണ്ടെത്തിയിട്ടും അത് ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ; | (സി) കെ.ഡി.എച്ച്, പള്ളിവാസൽ, ചിന്നക്കനാൽ എന്നീ വില്ലേജുകളിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും, ഒഴിപ്പിക്കുന്നതിനും 31.05.2010-ലെ സ.ഉ.(കൈ)201/2010/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറെയും, സ്പെഷ്യൽ റവന്യൂ ഓഫീസറെയും നിയമിക്കുകയും ടി പ്രദേശത്തെ അനധികൃത കയ്യേറ്റം കണ്ടെത്തി ഒഴിപ്പിച്ചുവരുന്നതുമാണ്. കൂടാതെ ടി ആവശ്യത്തിനായി ഭൂസംരക്ഷണ സേനയുടെയും, പോലീസിന്റെയും സേവനവും ഉപയോഗപ്പെടുത്തി വരുന്നു. |

| | | |
|---|---|---|
| (ഡി) | മൂന്നാറിൽ വൻകിട ഭൂമി കൈയേറ്റക്കാരെ കണ്ടെത്തി ഭൂമി തിരിച്ച് പിടിക്കുന്നതിനും യഥാർത്ഥ കുടിയേറ്റ കർഷകരെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ കെ.ഡി.എച്ച് വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമ പ്രകാരവും, മറ്റ് വില്ലേജുകളിൽ 1957-ലെ ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടികളും (ഭൂസംരക്ഷണനിയമം ഭേദഗതി 2009) ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ ഭൂമിയിലുള്ള അനധികൃതപ്രവേശനങ്ങൾ തടയുന്നതിനായി സബ്ഡിവിഷൻ അധികാരികളുടെ മേൽ നോട്ടത്തിൽ എല്ലാ താലൂക്കുകളിലും താലൂക്ക് തലത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും, ഏകോപിപ്പിച്ചും വരുന്നതാണ്. |
| (ഇ) | മൂന്നാറിൽ പട്ടയം നൽകുന്ന നടപടി പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പുതുതായി പട്ടയം നൽകിയെന്ന് അറിയിക്കാമോ? | (ഇ) പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ